ഗവൺമെന്റിനും അഭിപ്രായമില്ല. കേന്ദ്ര ഗവൺമെന്റിനും അഭിപ്രായമില്ല. മുൻ ഗവൺമെന്റുകൾക്കും അഭിപ്രായം ഇല്ല. പക്ഷേ മുൻ ഗവൺമെന്റ് ചെയ്തതെല്ലാം വളരെ സീക്രസിയായിപ്പോയി. അതുകൊണ്ടാണ് ആ ഗവൺമെന്റിൽ പങ്കാളികളായിരുന്നവർക്കുപോലും അതിനെപ്പറ്റി ഇപ്പോൾ തർക്കം വന്നിരിക്കുന്നത്. ഈ ഗവൺമെന്റ് ഏതായാലും സുതാര്യമായി, കേരളത്തിന്റെ വികസനത്തിനെ സഹായിക്കുന്നതാണെങ്കിൽ, വിദേശസഹായം ഇന്ത്യാ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി വാങ്ങുന്നതിൽ തെറ്റുണ്ടെന്ന് കരുതുന്നില്ല. ഇനിയും വാങ്ങും. എ.ഡി.ബി.-യിൽ നിന്നും വേൾഡ് ബാങ്കിൽ നിന്നും മറ്റെവിടെ നിന്നും പണം കിട്ടുകയാണെങ്കിൽ വാങ്ങും. കേരളത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ എവിടെ നിന്നൊക്കെ സഹായം കിട്ടിയാലും അതെല്ലാം ഇന്ത്യാ ഗവൺമെന്റിന്റെ അറിവോടുകൂടി, നാട്ടുകാരെ അറിയിച്ചുകൊണ്ട് ട്രാൻസ്പാരന്റായിട്ട് വാങ്ങും. അതിൽ യാതൊരു മറയും ഗവൺമെന്റിനില്ല. കഴിഞ്ഞ ഗവൺമെന്റിനെപ്പോലെ രഹസ്യത്തിലേക്കൊന്നും പോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പരമ്പരാഗത വൈദ്യൻമാർക്ക് ചികിത്സാ സ്വാതന്ത്ര്യം നൽകുന്നതിന് നിയമനിർമ്മാണം

*3 [303] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ :
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വൈദ്യൻമാർക്ക് ചികിൽസാ സ്വാതന്ത്ര്യം നൽകുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സിദ്ധ, ആയുർവേദ ശാഖകളിലുള്ള പരമ്പരാഗത വൈദ്യൻമാർക്ക് പ്രസ്തുത ചികിത്സാ ശാസ്ത്രവിധി അനുസരിച്ച് ഔഷധനിർമ്മാണത്തിന് അനുമതി നൽകുമോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സിദ്ധ-യുനാനി ചികിത്സാശാസ്ത്രം പഠിപ്പിക്കുന്നതിന് വ്യവസ്ഥാപിത സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ ആന്റ് ബി) ഇല്ല. എന്നാൽ എല്ലാവിധ ചികിത്സാ സമ്പ്രദായങ്ങളേയും ഏകോപിപ്പിച്ച് സമഗ്രമായ ഒരു നിയമം കൊണ്ടുവരുവാൻ 1996-ൽ തന്നെ സർക്കാർ തീരുമാനിച്ചിരുന്നു. ഇത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരിക്കുകയാണ്.

(സി) സിദ്ധ, ആയുർവേദ ശാഖകളിലുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിനോ വില്പന നടത്തുന്നതിനോ ലൈസൻസ് ആവശ്യമില്ല. എന്നാൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് അത്തരം മരുന്നുകൾ നിർമ്മിക്കുന്നതിന് ലൈസൻസ് ആവശ്യമാണ്.

(ഡി) സിദ്ധ കോളേജ് ഇപ്പോൾതന്നെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. യൂനാനി സമ്പ്രദായം പഠിപ്പിക്കാൻ വ്യവസ്ഥാപിത സംവിധാനം ഏർപ്പെടുത്താൻ സർക്കാരിന് ഇപ്പോൾ ഉദ്ദേശ്യമില്ല.

ഔഷധസസ്യങ്ങൾക്ക് വിദേശികൾ പേറ്റന്റ് നേടുന്നത് തടയാൻ നടപടി

*4 [304] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
,, സി. പി. മുഹമ്മദ് :
,, എൻ. ശക്തൻ :
,, വി. ഡി. സതീശൻ :
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഔഷധ സസ്യങ്ങൾക്ക് വിദേശികൾ പേറ്റന്റ് നേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽപ്പെട്ട ഏതെല്ലാം സസ്യങ്ങൾക്ക് ഏതെല്ലാം വിദേശ രാജ്യങ്ങളാണ് പേറ്റന്റ് നേടിയിട്ടുള്ളത്;

(സി) സംസ്ഥാനത്തിന്റെ ബൗദ്ധിക സമ്പത്തിന്റെയും സസ്യസമ്പത്തിന്റെയും പേറ്റന്റ് വിദേശികൾ നേടുന്നതിനെതിരെ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇതിനുള്ള നിയമനിർമ്മാണം നടത്തുമോ; എങ്കിൽ എന്നേക്ക് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

†അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly